# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *204** **05.11.2019-ൽ മറുപടിക്ക്**

## സഹകരണ മേഖലയിൽ വരുമാന നികുതി ഈടാക്കാനുള്ള കേന്ദ്രനീക്കം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ**<br>**,, സി. കെ. ശശീന്ദ്രൻ**<br>**,, ജെയിംസ് മാത്യു** | **ശ്രീ.കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളുടെയും സഹകരണ ബാങ്കുകളുടെയും വരുമാന നികുതി വാണിജ്യ ബാങ്കുകളുടേതിനു തുല്യമായി ഈടാക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നീക്കം സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് കനത്ത തിരിച്ചടി ആകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിൽ വരാത്ത എല്ലാ സഹകരണ സംഘങ്ങൾക്കും ആദായ നികുതി ഇളവ് അനുവദിക്കാവുന്നതാണെന്ന് 1961 ലെ ഇൻകംടാക്സ് ആക്ടിലെ വകുപ്പ് 80(പി) (2) ൽ പ്രതിപാദിച്ചിരുന്നു. എന്നാൽ 2006-ലെ ഫിനാൻസ് ആക്ട് ഭേദഗതി പ്രകാരം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ ഒഴികെയുള്ള സഹകരണ സംഘങ്ങൾക്ക് ലഭിച്ചു കൊണ്ടിരുന്ന ആദായനികുതി ആനുകൂല്യം നിഷേധിക്കപ്പെട്ടു. കൂടാതെ സംഘങ്ങളുടെ വരുമാനത്തിൽ അധികഭാഗവും കാർഷികേതര പ്രവർത്തനങ്ങളിൽ നിന്ന് നേടുന്നതാണെന്ന വാദം ഉന്നയിച്ചും ആദായനികുതി വകുപ്പ് കോടതിയിൽ നിന്ന് അനുകൂലമായി വിധി സമ്പാദിക്കാറുണ്ട്. കേസ് സുപ്രീംകോടതിയിൽ നടന്നു വരുന്നു. നിലവിൽ 80(പി) യുടെ ആനുകൂല്യം ലഭിക്കുന്ന പി.എ.സി.എസ്, പി.സി.എ.ആർ.ഡി.ബി എന്നിവയുടെ ആനുകൂല്യം നഷ്ടമായാൽ ആയത് ടി സഹകരണ സംഘങ്ങളുടെ ലാഭക്ഷമതയെ ബാധിക്കുകയും അംഗങ്ങൾക്ക് ലഭിക്കുന്ന ഡിവിഡന്റിൽ കുറവ് വരുന്നതിനും ലാഭത്തിൽ നിന്നും വകമാറ്റുന്ന മറ്റ് ഫണ്ടുകളെ ദോഷകരമായി ബാധിക്കുകയും ആഡിറ്റ് റിപ്പോർട്ട് പ്രകാരം ഒട്ടുമിക്ക സ്ഥാപനങ്ങളും നഷ്ടത്തിലാവുകയും ചെയ്യും. കൂടാതെ സഹകരണ സംഘങ്ങളിലെ ഭൂരിഭാഗം നിക്ഷേപകരും സാധാരണ |

| | | | |
|---|---|---|---|
| | | | ക്കാരാണ്. നിക്ഷേപങ്ങൾക്ക് ആദായനികുതി നൽകേണ്ടി വരുമെന്ന ആദായനികുതി വകുപ്പിന്റെ നിലപാട് ബാങ്കിന് നിക്ഷേപകരെ നഷ്ടപ്പെടുന്നതിന് കാരണമാകും. അത് സഹകരണ ബാങ്കുകളുടെ പ്രവർത്തന മൂലധനത്തേയും നിക്ഷേപത്തേയും പ്രവർത്ത നത്തേയും ദോഷകരമായി ബാധിക്കുന്ന താണ്. |
| (ബി) | സംഘങ്ങളുടെ നിലനിൽപ്പിനെത്തന്നെ പ്രതികൂലമായി ബാധിക്കുന്ന പ്രസ്തുത നടപടി പിൻവലിക്കണമെന്നും സഹകരണ സ്ഥാപനങ്ങൾക്ക് വരുമാന നികുതിയിൽ ഇളവ് നൽകണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ആവശ്യപ്പെട്ടിട്ടുണ്ട്. സംഘങ്ങളുടെ നില നില്പിനെ തന്നെ പ്രതികൂലമായി ബാധിക്കുന്ന പ്രസ്തുത നടപടി പിൻവലിക്കണമെന്നും സഹകരണ സ്ഥാപനങ്ങൾക്ക് വരുമാന നികുതിയിൽ ഇളവ് നൽകണമെന്നുമുള്ള ആവശ്യം കേന്ദ്ര സർക്കാറിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനായി ടി വിഷയം എം.പി.മാരുടെ സമ്മേളനത്തിൽ അജണ്ട യായി കൊണ്ടു വരുകയും ആദായനികുതി നിയമത്തിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ മതിയായ ഭേദഗതി വരുത്തി സംസ്ഥാനത്തെ സഹകരണ സംഘ ങ്ങൾക്ക് ആദായനികുതി ഇളവ് ലഭ്യമാക്കു ന്നതിന് 02.07.2018 ലും 17.08.2019 ലും കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് സഹകരണ വകുപ്പ് മന്ത്രി മെമ്മോറാണ്ടം നൽകിയിട്ടുമുണ്ട്. |
| (സി) | ആദായ നികുതി നിയമത്തിൽ "194 എൻ" എന്ന വകുപ്പ് കൂട്ടിച്ചേർത്തത് മൂലം സഹകരണ മേഖലയിൽ ഉടലെടുത്തിട്ടുള്ള പ്രശ്നങ്ങൾ വിശദമാക്കാമോ? | (സി) | കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ ഒരു വർഷം ഒരു കോടിയലധികം രൂപ ബാങ്കുകളിൽ നിന്നും പിൻവലിക്കുന്നവരിൽ നിന്നും 2% ആദായനികുതി ഈടാക്കാൻ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സഹകരണ സംഘങ്ങളെ ടി വകുപ്പിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയി ട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ്സ് അല്ല ചെയ്യുന്നത് എന്ന നിലയിൽ പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും ആദായ നികുതി ഈടാക്കണമെന്ന് കാണിച്ച് ആദായനികുതി |

| | | | |
|---|---|---|---|
| | | | വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ട്. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും 03.10.2019-ലെ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ വിഷയം അജണ്ടയിൽ ഉൾപ്പെടുത്തി വിശദമായി ചർച്ച ചെയ്യുകയും ടി നിയമഭേദഗതിയ്ക്കെതിരെ കൂട്ടായ പ്രവർത്തനങ്ങൾ വേണ്ടതുണ്ട് എന്ന് തീരുമാനിച്ച് ടി നിയമത്തിലെ പ്രസ്തുത വകുപ്പിന്റെ പരിധിയിൽ നിന്നും സംസ്ഥാനത്തെ സഹകരണ മേഖലയെ ഒഴിവാക്കുന്നതിനായി 11.10.2019-ൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി, കേന്ദ്ര കൃഷി വകുപ്പ് മന്ത്രി എന്നിവർക്ക് സംസ്ഥാന സഹകരണ വകുപ്പ് മന്ത്രി നിവേദനം സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**